**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 06 വ്യാഴം**

# ഗവ.പോളിടെക്നിക് കോളജിൽ നിയമനം

ആലപ്പുഴ: അടൂർ ഗവ.പോളിടെക്നിക് കോളജിൽ ഉദ്യോഗാർഥികളെ നിയമിക്കുന്നു. വിഭാഗം, തസ്തിക, ഒഴിവ് യഥാക്രമം ചുവടെ: ആർക്കിടെക്ചർ വിഭാഗം- ലക്ചറർ ഇൻ ആർക്കിടെക്ചർ, രണ്ടൊഴിവ്, ട്രേഡ് ഇൻസ്ട്രക്ടർ ഇൻ ആർക്കിടെക്ചർ- ഒരൊഴിവ്, ട്രേഡ്സ്മാൻ ഇൻ ആർക്കിടെക്ചർ,രണ്ടൊഴിവ്. മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം- ലക്ചറർ ഇൻ മെക്കാനിക്കൽ എൻജിനീയറിങ്- ഒരൊഴിവ്, ട്രേഡ്സ്മാൻ ഇൻ ഹൈഡ്രോളിക്സ്- ഒരൊഴിവ്, ട്രേഡ്സ്മാൻ ഇൻ ഓട്ടോമൊബൈൽ- ഒരൊഴിവ്, ട്രേഡ്സ്മാൻ ഇൻ വെൽഡിങ്-ഒരൊഴിവ്, പോളിമർ ടെക്നോളജി വിഭാഗം- ഡെമോൺസ്ട്രേറ്റർ, ട്രേഡ്സ്മാൻ.താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 10ന് രാവിലെ 11ന് അടൂർ ഗവ.പോളിടെക്നിക് കോളജിൽ ഹാജരാകണം. അതത് വിഷയത്തിൽ 60 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് ലക്ചറർ തസ്തികയിലേക്കുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. എം.ടെക്, അധ്യാപന പരിചയം എന്നിവ ഉള്ളവർക്ക് വെയിറ്റേജ് ഉണ്ടായിരിക്കും. അതത് വിഷയങ്ങളിലുള്ള ഡിപ്ലോമയാണ് ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. ഐ.റ്റി.ഐ ആണ് ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള കുറഞ്ഞ യോഗ്യത. എ.ഐ.സി.റ്റി.ഇ പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം. പ്രവർത്തി പരിചയം ഉള്ളവർക്ക് വെയിറ്റേജ് ഉായിരിക്കും. ഫോൺ: 04734231776.

# മരങ്ങൾ ലേലം ചെയ്യുന്നു

ആലപ്പുഴ: ഗവ.റ്റി.ഡി മെഡിക്കൽ കോളജ് കാമ്പസിൽ നിൽക്കുന്നതും മുറിച്ചുനീക്കിയിട്ടുള്ളതുമായി വൃക്ഷങ്ങൾ ലേലം ചെയ്യുന്നു. ക്വട്ടേഷൻ ജൂൺ 17 വൈകിട്ട് നാലുവരെ സ്വീകരിക്കും. ജൂൺ 18 രാവിലെ 11.30 ന് ലേലം നടത്തും. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്ന് ലഭിക്കും.

# പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി

ആലപ്പുഴ: ജില്ലയിൽ മഴക്കാലത്തിന് മുന്നോടിയായി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻമാരുടെയും യോഗം ചേർന്ന് പഞ്ചായത്ത് തല രൂപരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ തുടങ്ങി. ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തുകയും തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് എലിപ്പനി പ്രതിരോധമരുന്ന് ആഴ്ചയിലൊരിക്കൽ നൽകുകയും മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ, കർഷകർ തുടങ്ങിയവർ ജോലിയ്ക്ക് ശേഷം കൈകാലുകൾ സോപ്പുപയോഗിച്ച് കഴുകുകയും പനി വന്നാൽ സ്വയം ചികിത്സ നടത്താതെ ഉടനെ ഡോക്ടറുടെ സേവനം തേടേതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊതുക്ജന്യ രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ഈഡിസേ വിട......... എന്ന പേരിൽ ഡങ്കിപ്പനിക്കെതിരെയുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം വെള്ളിയാഴ്ച സ്കൂളുകൾ, ശനിയാഴ്ച ഓഫീസുകൾ, ഞായറാഴ്ച വീടുകൾ എന്ന രീതിയിൽ ശക്തമാക്കി.മലേറിയ കേസുകൾ കണ്ടെത്തുന്നതിനുള്ള സ്ലൈഡ്, ലാൻസെറ്റ് എന്നിവ എല്ലാ സ്ഥാപനങ്ങൾക്കും നൽകുകയും പനിയുള്ളവരുടെ പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ പോയിട്ട് വന്നവരുടെയും രക്തസാംപിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഡങ്കിപ്പനി റിപ്പോർട്ട് ചെയ്താൽ ഫോഗിംഗ്, സ്പ്രേയിംഗ് ചെയ്യുന്നതിനാവശ്യമായ രാസവസ്തുക്കൾ ശേഖരിച്ചിട്ടുണ്ട്. ഇൻഡോർ സ്പേസ് സ്പ്രേ ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ, ഡങ്കിപ്പനി ബാധിച്ച വ്യക്തികൾക്ക് നൽകുന്നതിനാവശ്യമായ കൊതുക് വല, മൊസ്കിറ്റോ റെപ്പലന്റ് ക്രീം എന്നിവ ആരോഗ്യസ്ഥാപനങ്ങളിൽ നൽകിയിട്ടുണ്ട്. വലിയ ആശുപത്രികളിലെ പനി വാർഡുകൾ കൊതുക് കടക്കാത്ത രീതിയിൽ ആക്കിയിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും റാപ്പിഡ് റെസ്പോൺസ് ടീം യോഗം ജൂൺ ആദ്യ ആഴ്ച ചേരുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) അറിയിച്ചു.

# പ്രവേശനോത്സവം : ജില്ലാതല ഉദ്ഘാടനം ജി വേണുഗോപാൽ നിർവഹിച്ചു

ആലപ്പുഴ :അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന സന്ദേശം പകർന്നുകൊണ്ട് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വകുപ്പ് സംസ്ഥാന തലത്തിൽ നടത്തിയ സ്കൂൾ പ്രവേശനോത്സവത്തിന്റെ ആലപ്പുഴ ജില്ലാതല ഉദ്ഘടനം വെളിയനാട് ഗ്രാമ പഞ്ചായത്തിലെ കിടങ്ങറ ഗവണ്മെന്റ്ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. പ്രളയം കവർന്നിട്ടും കഴിഞ്ഞ എസ് എസ് എൽ സി പരീക്ഷയിൽ സംസ്ഥാനത്തെ മികച്ച വിജയം കൈവരിച്ച ഒന്നാം സ്ഥാനത്തു എത്തിയ കുട്ടനാട് ഉപജില്ലയിലെ കഴിഞ്ഞ ആറു വർഷമായി തുടർച്ചയായി എസ് എസ് എൽ സി പരീക്ഷയിൽ നുറു

ശതമാനം വിജയം കൈവരിക്കുന്ന സ്കൂൾ കൂടിയാണ് കിടങ്ങറ സ്കൂൾ. ആലപ്പുഴ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി വേണുഗോപാൽ പ്രവേശനോത്സവത്തിന്റെ ഉദ്ഘടനം നിർവ്വഹിച്ചു. പ്രവേശനോത്സവ ഗാനത്തിന്റെ രംഗാവിഷ്കരണത്തോടെ ആരംഭിച്ച ചടങ്ങിൽ ജില്ല പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അഡ്വ കെ.റ്റി.മാത്യു അധ്യക്ഷനായി. ഒന്നാം ക്ലാസ്സ് വിദ്യാർത്ഥികളും പ്ലസ് വൺ വിദ്യാർത്ഥികളും ഒരുപോലെ പ്രവേശനോത്സവത്തിൽ പങ്കെടുത്തു. വിദ്യാഭ്യാസ ഉപ ഡയറക്ടർ ധന്യ ആർ കുമാർ, ജില്ല പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ കെ അശോകൻ, വെളിയനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സാബു തോട്ടുങ്കൽ തുടങ്ങിയവർ സംസാരിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ ജില്ല കോർഡിനേറ്റർ എം.കെ.പ്രസന്നൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി രവീന്ദ്ര നാഥിന്റെ സന്ദേശം വേദിയിൽ അവതരിപ്പിച്ചു.മധുരപലഹാര വിതരണം, പ്രദർശനം എന്നിവയും വിവിധ സ്കൂളുകളിൽ നടന്നു.

# രാജ്യാന്തര നിലവാരത്തിൽ സർക്കാർ സ്കൂളുകൾ

ഹരിപ്പാട്: സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ആവേശം പകർന്നു ജില്ലയിലെ ഹരിപ്പാട്, ഭരണിക്കാവ് ബ്ലോക്കുകളിൽ പ്രവേശനോത്സവം നടന്നു. ചെണ്ട കൊട്ടിയും പാട്ടുപാടിയും ഉത്സവ പ്രതീതിയിലാണ് അധ്യാപകർ കുട്ടികളെ സ്കൂളിലേക്ക് ആനയിച്ചത്. പ്രവേശന ഗാനം ആലപിച്ച് പുതിയ കുട്ടികളെ പഴയ കുട്ടികൾ സ്വീകരിച്ചു. അധ്യാപകരും കുട്ടികളും ചേർന്ന് അക്ഷരദീപം തെളിയിച്ചതും കുട്ടികൾക്ക് വേറിട്ട അനുഭവമായി. പുത്തനുടുപ്പിട്ടും വർണകുടകളും പിടിച്ച് അറിവിന്റെ ആദ്യാക്ഷരം കുറിക്കാൻ അക്ഷരമുറ്റത്തേക്ക് കടന്നുവന്ന എല്ലാ കുരുന്നുകൾക്കും ഊഷ്മള വരവേൽപാണ് സ്കൂളുകളിൽ ഒരുക്കിയിരുന്നത്. ചരിത്രത്തിലാധ്യമായി പ്ലസ് വൺ വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവേശനോത്സവമാണ് നടന്നത്.
വിവിധ സന്നദ്ധ സേവന സംഘങ്ങളുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ഒരുക്കിയ പഠനോപകരണങ്ങളുടെ വിതരണവും നടത്തി. ഹരിപ്പാട്, ഭരണിക്കാവ് ബ്ലോക്കുകളിലെ വിവിധ പൊതുവിദ്യാഭ്യാസ സ്കൂളുകളിലായി ആയിരത്തിലധികം വിദ്യാർത്ഥികളാണ് പുതുതായി പ്രവേശനം നേടിയിരിക്കുന്നത്.

വിദ്യാർഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുണ്ടാക്കാൻ ഇംഗ്ലീഷ് വായനയ്ക്ക് മുൻഗണന നൽകും. വിവിധ സ്കൂളുകളിലെ അധ്യാപകരിൽ ഭൂരിഭാഗം പേരുടേയും മക്കളെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെയാണ് ചേർത്തിരിക്കുന്നത്. കുട്ടികളെ വരവേൽക്കാൻ സ്കൂൾ ചുമരുകളിലും ക്ലാസ് റൂമുകളും ചിത്രശലഭങ്ങളുടേയും പൂക്കളുടേയും ചിത്രങ്ങളും അക്ഷരമാലകളും വരച്ചിരുന്നു. പുതിയ അധ്യയന വർഷത്തിലേക്ക് കാലെടുത്ത് വെക്കുമ്പോൾ സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക ലൈബ്രറി, കമ്പ്യൂട്ടർ ലാബുകൾ, കളി സ്ഥലങ്ങൾ തുടങ്ങി രാജ്യാന്തര നിലവാരത്തിലുള്ള സൗകര്യങ്ങളാണ് പൊതുവിദ്യാഭ്യാസ സ്കൂളുകളിൽ സജ്ജീകരിച്ചിട്ട്.

ഹരിപ്പാട് ഉപജില്ലാ പ്രവേശനോത്സവം ജില്ലാ പഞ്ചായത്ത് അംഗം ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു കൊല്ലശ്ശേരി

മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പി.റ്റി.എ. പ്രസിഡന്റ് പ്രസാദ്, ജി.എസ്. ദിലീപ് കുമാർ, എ.ഇ.ഒ. ഷാജി, ബി.പി.ഒ. സുധീർഖാൻ, പ്രിൻസിപ്പാൾ ഉഷാകുമാരി, ജനപ്രതിനിധികൾ, സ്കൂൾ അധാപകർ എന്നിവർ പ്രസംഗിച്ചു.

ഉപജില്ലാതല പ്രവേശനോത്സവത്തിന് പുറമേ എല്ലാ പഞ്ചായത്തുകളിലേയും തിരഞ്ഞെടുത്ത സ്കൂളിൽ പഞ്ചായത്ത് തല പ്രവേശനോത്സവവും നടത്തി. ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും നടന്ന പ്രവേശനോത്സവങ്ങൾ ജനപ്രതിനിധികൾ ഉദ്ഘാടനം ചെയ്തു.

# കായംകുളം ഉപജില്ലാതല ഉദഘാടനം യൂ. പ്രതിഭ എം. എൽ. എ നിർവഹിച്ചു

കായംകുളം :അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന സന്ദേശം പകർന്നുകൊണ്ട് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വകുപ്പ് സംസ്ഥാന തലത്തിൽ നടത്തിയ സ്കൂൾ പ്രവേശനോത്സവത്തിന്റെ കായംകുളം ഉപജില്ലാതല ഉദ്ഘടനം കായംകുളം കല്ലൂർ പഞ്ചായത്തിലെ പുതിയവിള ഗവണ്മെന്റ് എൽ. പി സ്കൂളിൽ നടന്നു. കായംകുളം എം. എൽ. എ യൂ. പ്രതിഭ പ്രവേശനോത്സവത്തിന്റെ ഉദ്ഘടനം നിർവ്വഹിച്ചു. ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇന്ന് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർഥികൾ കൂടുതലായി വരുന്നതിനു കരണമായതെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് എം. എൽ. എ പറഞ്ഞു. പാഠ്യ -പാഠ്യേതര പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഏറെ മുന്നിൽ വന്നിരിക്കുന്നു. അധ്യാപകരുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന ആത്മാർത്ഥമായ പ്രവർത്തനങ്ങളും വിദ്യാലയങ്ങളുടെ നേട്ടങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു. പ്രവേശനോത്സവ ഗാനത്തോടെ ആരംഭിച്ച ചടങ്ങിൽ കല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് എ. വി രഞ്ജിത് അധ്യക്ഷനായി. കായംകുളം ബി. പി. ഓ പി. സീനത്, കായംകുളം എ. ഇ. ഓ എം. ഹുസൈൻ, ജനപ്രതിനിധികളായ അംബുജാക്ഷി ടീച്ചർ, എ. ശോഭ, സരള ശങ്കരനാരായണൻ, സ്കൂൾ ഹെഡ്മിസ്ട്രസ് ജെ. വസന്തകുമാരി, കോലത്ത് ബാബു തുടങ്ങിയവർ സംസാരിച്ചു. കഴിഞ്ഞ അധ്യയനവർഷം പഠനത്തിൽ മികവ് തെളിയിച്ച കുട്ടികളെയും ചടങ്ങിൽ വെച്ച് ആദരിച്ചു.

# പൊതു വിദ്യാഭ്യാസത്തിന്റെ പൊൻതിളക്കത്തിൽ പ്രവേശനോത്സസവം

ചെങ്ങന്നൂർ: സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പൊതു വിദ്യാഭ്യാസത്തിന്റെ പ്രയോജനം ഏറെ വലുതാണെന്നു വിളിച്ചോതുന്ന തരത്തിലായിരുന്നു, മാവേലിക്കര, ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിലെ സർക്കാർ -എയ്ഡഡ് സ്ക്കൂളുകളിലെ പ്രവേശനോത്സവം. ചെങ്ങന്നൂർ ഉപജില്ലയിലെ പ്രവേശനോത്സവം പെണ്ണുക്കര ഗവ യു പി എ സി ൽ ’ സജി ചെറിയാൻ എം എൽ എ യും, മാവേലിക്കര ഉപജില്ലയിലെ പ്രവേശനോത്സവം പാലമേൽ ഗവ എൽ

പി സ്ക്കൂളിൽ ആർ.രാജേഷ് എം എൽ എ യും ഉദ്ഘാടനം ചെയ്തു. ചിലയിടങ്ങളിൽ ചെണ്ടകൊട്ടിയും, പാട്ടു പാടിയുമാണ് നവാഗതരെ സ്വീകരിച്ചത്. പ്രവേശന ഗാനം ആലപിച്ച് ആണ് പുതിയ കുട്ടികളെ വരവേറ്റത്. പുത്തനുടുപ്പും, വർണകുടകളും പിടിച്ച് അറിവിന്റെ ആദ്യാക്ഷരം കുറിക്കാൻ അക്ഷരമുറ്റത്തേക്ക് കടന്ന വന്ന എല്ലാ കുരുന്നുകൾക്കും ഊഷ്മള വരവേൽപാണ് സ്കൂളുകളിൽ ഒരുക്കിയിരുന്നത്. കുട്ടികളെ വരവേൽക്കാൻ സ്കൂൾ ചുമരുകളിലും ക്ലാസ് റൂമുകളും ചിത്രശലഭങ്ങളുടേയും പൂക്കളുടേയും ചിത്രങ്ങളും അക്ഷരമാലകളും വരച്ചിരുന്നു. പ്ലാസ്റ്റിക്കിന് വിട നൽകി ഹരിത ചട്ടം പാലിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു , പെണ്ണുക്കര യു പി എ സി ൽ വർണ്ണകടലാസ് തോരണങ്ങൾക്ക് പകരം പ്രകൃതിയിൽ നിന്നുമുള്ള ഇലകളും മറ്റുമാണ് ഉപയോഗിച്ചത്. കുട്ടികൾക്കായി ഒരുക്കിയ പഠനോപകരണങ്ങളുടെ വിതരണവും നടത്തി. പുതിയ അധ്യയന വർഷത്തിലേക്ക് കാലെടുത്ത് വെക്കുമ്പോൾ പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക ലൈബ്രറി, കമ്പ്യൂട്ടർ ലാബുകൾ, കളി സ്ഥലങ്ങൾ തുടങ്ങി രാജ്യാന്തര നിലവാരത്തിലുള്ള സൗകര്യങ്ങളാണ് കിട്ടുവാൻ പോകുന്നത്. പെണ്ണുക്കര ഗവ യു പി എ സി ൽ നടന്ന ചെങ്ങന്നൂർ ഉപജില്ലാ പ്രവേശനോത്സവത്തിൽ സ്ക്കൂൾ പിറ്റി എ പ്രസിഡന്റ് സീമാ ശ്രീകുമാർ അധ്യക്ഷത വഹിച്ചു, എ ഇ ഒ കെ. ബിന്ദു, ബിപിഒ ജി.കൃഷ്ണകുമാർ, എച്ച് എം പി. എസ് ശ്രീകുമാരി, ഡയറ്റ് ഫാക്കൽറ്റി വിധു മോൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി അജിത ,ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ഡി വാസുദേവൻ തുടങ്ങിയവർ പങ്കെടുത്തു.പാലമേൽ എൽ പി എ സി ൽ നടന്ന മാവേലിക്കര ഉപജില്ലാ പ്രവേശനോത്സവത്തിൽ നൂറനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി. അശോകൻ നായർ അധ്യക്ഷത വഹിച്ചു, മാവേലിക്കര ഡി ഇ ഒ സുബിൻ പോൾ, എ ഇ ഒ എം .ഒ രമണി കുട്ടി, ബിപിഒ സുരേന്ദ്രൻ പിള്ള, ജില്ലാ പഞ്ചായത്ത് അംഗം വിശ്വൻ പടനിലം തുടങ്ങിയവർ പങ്കെടുത്തു.

## കിംബിൽ ഹ്രസ്വകാല പരിശീലന പരിപാടി

ആലപ്പുഴ: സർക്കാർസഹകരണ പരിശീലന കേന്ദ്രമായ പുന്നപ്രയിലെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (കിംബ്) ൽ സഹകരണസംഘങ്ങളിെ ല ജീവനക്കാർക്ക് പ്രമോഷനും ഇൻക്രിമെന്റിനും വേണ്ടി ജൂൺ 10 മുതൽ 12 വരെ സബ്സ്റ്റാഫിനും, ജൂൺ 24 മുതൽ 28വരെ മിനിസ്റ്റീരിയൽ വിഭാഗത്തിനും പുന്നപ്ര വാടയ്ക്കൽ അക്ഷര നഗരി ക്യാമ്പസിലെ കിംബ് ഓഫീസിൽ വെച്ച് ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും, ബുക്കിംങ്ങിനും ഫോൺ: 0477-2266701, 2970701, 9447729772, 9497221291, 9037323239.

## കേപ്പ്കാമ്പസിൽ സൗജന്യ കെ-മാറ്റ് എൻട്രൻസ് പരിശീലനം

ആലപ്പുഴ:പുന്നപ്ര അക്ഷര നഗരികേപ്പ് കാമ്പസിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ്സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി (ഐ.എം.റ്റി) ൽ ബിരുദ വിദ്യാർത്ഥികൾക്കായി ജൂൺ 10ന് **കെ-മാറ്റ് എൻട്രൻസ്** പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രാവിലെ 10 മുതൽ ഒന്നുവരെയാണ് പരിശീലനം നൽകുന്നത്. ഈ പരിപാടിയിൽ പ്രവേശനം സൗജന്യമായിരിക്കും.

പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക. ഫോൺ. 0477 2267602, 9447729772, 9746125234, www.imtpunnapra.org.